# ‘ധനവാനും ലാസറും’

കൈത്താക്കാലം അഞ്ചാം ഞായർ

ലൂക്കാ 16, 19–31

ആഗസ്റ്റ് 8

Homily by Fr. Jaimon Pallineerackal

മരണാനന്തരം തങ്ങൾക്ക് എന്തു സംഭവിക്കും എന്നതിനെക്കുറിച്ച് ഭൂരിഭാഗം മനുഷ്യരും അജ്ഞരാണ്. ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് അഗ്രാഹ്യമായ ഈ അവസ്ഥയിൽ സംഭവിക്കാനിരിക്കുന്ന നീതിപൂർവ്വകമായ ന്യായവിധിയാണ് ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ ഈശോ നമ്മെ അനുസ്മരിപ്പിക്കുന്നത്. നിത്യമായ ഉറക്കത്തിലേക്ക് വഴുതിവീഴും മുമ്പെ നൽകപ്പെടുന്ന ഒരു ഉണർത്തുപാട്ട്.

ചിലയിടങ്ങളിൽ, പുതിയ ഭവനങ്ങളൊ വലിയ കെട്ടിടങ്ങളൊ പണിയുമ്പോൾ അതിനു മുൻപിൽ കമ്പിൽ കുത്തിവച്ച ഒരു ചട്ടിയൊ അല്ലെങ്കിൽ കോലമൊ കാണാൻ കഴിയും. കൂടാതെ, ‘കരിങ്കണ്ണാ നോക്ക്’ എന്നെഴുതിയ ഒരു പലകയും. വഴിയാത്രക്കാരുടെയും മറ്റും ‘കണ്ണ് തട്ടാതിരിക്കാൻ’ ആണത്രെ ഇപ്രകാരം ചെയ്യുന്നത്. കണ്ണ് തട്ടിയാൽ നിർമ്മാണതകരാറുകൾ സംഭവിക്കുകയും ചിലപ്പോൾ എല്ലാം നാമാവിശേഷമാവുകയും ചെയ്യും എന്നാണ് വിശ്വാസം. ക്രൈസ്തവപരമായി ഇതിനെ ഒരു അന്ധവിശ്വാസം എന്ന് കരുതി ചിരിച്ച് തള്ളാമെങ്കിലും ഇതിലടങ്ങിയിരിക്കുന്ന ഒരു വലിയ സത്യം മറ്റൊരു കാഴ്ച്ചപ്പാടിൽ വിശദീകരിക്കാനാവും. അന്തിയുറങ്ങാനായി ഒരു മേൽക്കൂര പോലുമില്ലാതെ തനിക്ക് ചുറ്റും ജീവിക്കുന്ന പട്ടിണിപ്പാവങ്ങളുടെ മധ്യേ അംബരചുംബികളായ ദൈവാലയങ്ങളും കെട്ടിടങ്ങളും ഭവനങ്ങളും പണിതുതുയർത്തുമ്പോഴും പിറനാളുകളും തിരുനാളുകളും തുടങ്ങി ആദ്യകുർബാനയും തിരുപ്പട്ടവും മെത്രാഭിഷേകവും വരെ ആഡംബരത്തിന്റെയും ആഘോഷത്തിന്റേയും ഉത്സവങ്ങൾ മാത്രമായി അധഃപതിക്കുമ്പോഴും, ‘കണ്ണ് തട്ടാതിരിക്കാൻ’ എന്തൊക്കെ മുൻകരുതലുകൾ എടുത്താലും, നമ്മിൽ പതിക്കുന്ന നിരാലമ്പരുടെയും ദരിദ്രരുടെയും കണ്ണുകൾ നമുക്കായുള്ള നിത്യവിധിയാണ് ഒരുക്കുന്നതെന്ന് വിസ്മരിക്കാതിരിക്കാം. ധനവാന്റെ മേശയിൽ നിന്ന് വീണിരുന്നവകൊണ്ട് വിശപ്പടക്കാൻ ദരിദ്രൻ ആഗ്രഹിച്ചിരുന്നു എന്നാണ് വചനം സാക്ഷ്യപ്പെടുത്തുന്നത്. അതായത്, വിശപ്പോടെയുള്ള ദരിദ്രന്റെ കണ്ണ് ധനവാന്റെ സമൃദ്ധമായ തീൻമേശയിൽ പതിച്ചു. ഒടുവിൽ, നരകയാതനകൾക്കിടയിൽ ഒരിറ്റ് വെള്ളത്തിനായി ദാഹിച്ച് കേഴുന്ന ധനികന്റെ ചിത്രം യേശുവിലൂടെ വെളിപ്പെടുത്തപ്പെടുമ്പോൾ ഇതൊരു സത്യമാവുന്നു.

ധാരാളം സമ്പത്തുണ്ടായിട്ടും അപരനായി പങ്കുവെയ്ക്കാൻ ഒരു ചില്ലിക്കാശു പോലും കണ്ടെത്താനാവാതെ വീണ്ടും സമ്പത്തിനായി മാത്രം ദാഹിക്കുന്ന ‘ദരിദ്രർക്ക്’ ഉള്ളതല്ല സ്വർഗ്ഗരാജ്യം എന്ന് സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്നു. ജീവിതവ്യഗ്രതകൾക്കിടയിൽ

നാളെകൾക്കായി പലതും, പ്രത്യേകിച്ച് സദ്പ്രവർത്തികളും ആത്മീയകാര്യങ്ങളും മാറ്റിവയ്ക്കുമ്പോൾ ഇനിയൊരിക്കലും തിരിച്ചുനടക്കാനാവാത്തവിധം സ്വർഗ്ഗരാജ്യം നമ്മിൽ നിന്നകന്നുകൊണ്ടിരിക്കുന്നു എന്നോർക്കണം. ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്കും നരകത്തിലേക്കും യാത്രയാവാൻ നിരവധി വഴികളുണ്ടാവാം. എന്നാൽ നരകത്തിൽ നിന്ന് സ്വർഗ്ഗത്തിലേക്കോ തിരിച്ച് ഭൂമിയിലേക്കോ പോകാനാവാതെ വഴിമുട്ടിനിൽക്കുമ്പോൾ ഭൗമികജീവിതത്തിൽ നാളെകൾക്കായി മാറ്റിവച്ച പ്രാർത്ഥനാസൂക്തങ്ങളും സഹോദരസ്നേഹപ്രവർത്തികളും നരകത്തിൽ വച്ച് പ്രാവർത്തികമാക്കാമെന്ന് വ്യാമോഹിച്ചാൽ ഫലമണിയില്ലെന്ന് ധനവാനിലൂടെ ഈശോ വെളിപ്പെടുത്തുന്നു. നരകത്തിൽ നിന്ന് ദാഹജലത്തിനായുള്ള ധനവാന്റെ നിലവിളിയും സഹോദരർക്ക് മുന്നറിയിപ്പ് നൽകാനുള്ള അഭ്യർത്ഥനയും നിഷ്കരുണം തള്ളപ്പെടുമ്പോൾ ഈ യാഥാർത്ഥ്യം അടിവരയിട്ടുറപ്പിക്കപ്പെടുന്നു.

സ്വന്തം സഹോദരർക്കും ഇതേ ഗതി വരാതിരിക്കട്ടെ എന്ന ആഗ്രഹത്തോടെ ''മരിച്ചവരിൽ നിന്ന് ഒരുവൻ ചെന്നു പറഞ്ഞാൽ അവർ അനുതപിക്കും'' എന്ന ധനികന്റെ ആവശ്യത്തോടുള്ള അബ്രാഹത്തിന്റെ മറുപടി നിഷേധാത്മകമായിരുന്നെങ്കിലും, ഭൂമിയിൽ 'ധനവാന്റെ സഹോദരരുടെ' സ്ഥാനത്ത് നിൽക്കുന്ന നമ്മോട് കരുണാമയനായ ദൈവം വ്യത്യസ്ഥമായാണ് പ്രതികരിച്ചിരിക്കുന്നത്. മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ കർത്താവിലൂടെ ഇന്നലെയും ഇന്നും എന്നും നമ്മോട് കൂടെ വസിച്ച് സഭയിലൂടെയും കൂദാശകളിലൂടെയും തിരുവചനങ്ങളിലൂടെയും അനുദിനം ഈ സ്വർഗ്ഗീയരഹസ്യങ്ങൾ അവിടുന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. ''എന്നിൽ നിന്ന് കുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല'' എന്ന ഗുരുവചനം ഭാവിയിൽ ധനികനെപോലെ നരകാഗ്നിയിൽ കിടന്ന് ദാഹിക്കാതിരിക്കാൻ നമ്മെ വഴിനടത്തട്ടെ.

നാമെല്ലാവരും സമ്പന്നരാണ്, ഭൗതികമായും ആത്മീയമായും. ഭൗമികജീവിതത്തിൽ സ്വന്തമാക്കാവുന്ന ഏറ്റവും വിലപിടിച്ച വിരുന്നുമേശക്കു ചുറ്റും അണിനിരന്നിരിക്കുന്നവർ! കർത്താവിന്റെ തിരുശരീരരക്തങ്ങൾ പങ്കുവെയ്ക്കുന്ന ഈ വിരുന്നുമേശയിലേക്ക് കണ്ണ് വച്ചിരിക്കുന്ന അനേകം ദരിദ്രരുടെ നെടുവീർപ്പുകൾ നമുക്കു ചുറ്റുമുയരുന്നുണ്ടോ? ബലിവേദിയിൽ മുറിയപ്പെടുന്ന നിത്യജീവന്റെ അപ്പം മാനവകുലത്തിനു മുഴുവൻ അവകാശപ്പെട്ടതാണെന്ന തിരിച്ചറിവില്ലാതെ സ്വാർത്ഥതയോടെ സ്വന്തമാക്കി നാം ആനന്ദിക്കുന്നുവൊ? കണ്ണെത്തുംദൂരത്ത്, കയ്യെത്തുംദൂരത്ത് വീണുകിടക്കുന്ന ലാസറുമാരും അവരുടെ പഴുപ്പൊലിക്കുന്ന മുറിവുകളും ഈ ദിവ്യഭോജ്യമുൾകൊള്ളുന്ന നമ്മുടെ കരസ്പർശത്താൽ സൗഖ്യപ്പെടട്ടെ. ചെയ്യാത്ത തിന്മകളെക്കാളുപരി ചെയ്യേണ്ട നന്മകളുടെ അഭാവത്തിൽ 'അടക്കപ്പെട്ട' ധനവാനെപ്പോലെ ആവാതിരിക്കാൻ ഈശോയുടെ ഈ ഉണർത്തുപാട്ട് ഹൃദയത്തിൽ സ്വീകരിച്ച് നന്മപ്രവർത്തികളിലൂടെ ജീവന്റെ സമൃദ്ധിയിലേക്ക് നമുക്കും പിച്ചവെയ്ക്കാം.

*E-mail*: jaimonp@gmail.com, *Blog*: www.jaimonp.blogspot.com